**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4956** **01-11-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂരിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂരിൽ രണ്ട് വർഷത്തിലധികമായി ഡെപ്യൂട്ടി ലേബർ കമ്മീഷണറെ നിയമിക്കാത്തതിനാൽ ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റി മുമ്പാകെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കേസുകൾ തീർപ്പാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | (എ) & (ബി) 12.06.2021 മുതലാണ് കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിൽ ഒഴിവ് നിലവിൽ വന്നത്. ടി തീയതി മുതൽ കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പൂർണ്ണ അധിക ചുമതല കണ്ണൂർ ജില്ലാ ലേബർ ഓഫീസർക്ക് നൽകിയിട്ടുണ്ട്. കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | രണ്ട് വർഷത്തിലധികമായി സ്ഥിരനിയമനം നടക്കാത്ത സാഹചര്യത്തിൽ വിരമിച്ച പ്രായമായവരും രോഗികളും ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് ലഭിക്കേണ്ട ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നാലഞ്ച് വർഷങ്ങളായി കെട്ടിക്കിടക്കുന്നത് പാവപ്പെട്ട തൊഴിലാളികൾക്ക് വളരെ പ്രയാസമുണ്ടാക്കുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തി ഗ്രാറ്റുവിറ്റി കേസുകളുടെ നടപടിക്രമങ്ങൾ തുടരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ബി) | (എ) & (ബി) 12.06.2021 മുതലാണ് കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിൽ ഒഴിവ് നിലവിൽ വന്നത്. ടി തീയതി മുതൽ കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പൂർണ്ണ അധിക ചുമതല കണ്ണൂർ ജില്ലാ ലേബർ ഓഫീസർക്ക് നൽകിയിട്ടുണ്ട്. കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ